**<u>അബുദാബിയിലെ കിരീടാവകാശിയും യുഎഇ ഉപസര്വ്വ സൈന്യാധിപനുമായ രാജകുമാരന് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയിലെത്തുന്നു ( ഫെബ്രുവരി 10-12, 2016)</u>**

ഫെബ്രുവരി 07, 2016

ആദരണീയനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ച് അബുദാബിയിലെ കിരീടാവകാശിയും യുഎഇ ഉപ സര്വ്വ സൈന്യാധിപനുമായ ഹിസ് ഹൈനെസ് ഷേക്ക് മൊഹമ്മദ് ബിന് സയ്യദ് അല് നഹ്യാന് രാജകുമാരന് മൂന്ന് ദിവസത്തെ ഔദ്യോഗിക ചര്ച്ചകള്ക്കായി (ഫെബ്രുവരി 10-12 , 2016 ഇന്ത്യയിലെത്തുന്നു . മന്ത്രിമാര് , ഉയര്ന്ന ഉദ്യോഗസ്ഥര് , വ്യവസായ തലവന്മാര് എന്നിവര് ഉള്പ്പെടുന്ന ഉന്നതതല പ്രതിനിധിസംഘവും അദ്ദഹേത്തെ അനുഗമിക്കും..

സന്ദര്ശനത്തിന്റെ ഭാഗമായി ഹിസ് ഹൈനെസ് ഷേക്ക് മൊഹമ്മദ് ബിന് സയ്യദ് അല് നഹ്യാന് രാജകുമാരന് ആദരണീയനായ രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തുകയും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പരസ്പരം താത്പര്യമുള്ള വിഷയങ്ങളില് ഉഭയകക്ഷി ചര്ച്ചകള് നടത്തുകയും ചെയ്യും. കഴിഞ്ഞ ആഗസ്ററ് 2015 ല് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി യുഎഇ യിലേക്ക് നടത്തിയ സന്ദര്ശനത്തെ തുടര്ന്നാണ് ഈ സന്ദര്ശനം . അന്ന് രണ്ടു രാജ്യങ്ങളും നിലവിലുള്ള ബന്ധത്തെ വളരെ സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് കൊണ്ടുപോകാമെന്ന് തീരുമാനിച്ചിരുന്നു

ഇന്ത്യയും യുഎഇയും ചരിത്രപരമായി വളരെ അടുത്ത സൌഹൃദ ബന്ധങ്ങള് ആണ് ആസ്വദിക്കുന്നത്, അതിനു പ്രധാന കാരണമായത് വാണിജ്യ വിനിമയങ്ങളും ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളും ആണ് . നമ്മുടെ വളരെ സന്തുലിതമായ ഉഭയകക്ഷി വ്യാപാരം 2014-15 കാലയളവില് 59 ബില്യണ് അമേരിക്കന് ഡോളറായിരുന്നു , അതിലൂടെ യുഎഇ നമ്മുടെ ettavum വലിയ മൂന്നാമത്തെ വ്യാപാര പങ്കാളിയായി . ഇന്ത്യയില് നേരിട്ടുള്ള വിദേശ നിക്ഷേപത്തില് യുഎഇ വളരെ വലിയ

നിക്ഷേപകരില് ഉള്പ്പെടുന്നു . ഇന്ത്യയുടെ ഊര്ജ സുരക്ഷയില് യുഎഇ വളരെ പ്രധാനപ്പെട്ട സംഭാവനകള് ആണ് നല്കുന്നത് . 2014-15 കാലയളവില് ഇന്ത്യയിലേക്ക് ക്രൂഡ് ഓയില് വിതരണം ചെയ്ത ആറാമത്തെ വലിയ വിതരണക്കാര് ആണ് യുഎഇ

യുഎഇയിലെ ഏറ്റവും വലിയ പ്രവാസി സമൂഹം ശക്തവും വൈവിധ്യവുമുള്ള 2.6 ദശലക്ഷം ഇന്ത്യക്കാരുടേതാണ് . അവരുടെ ആതിഥേയ രാജ്യത്തിന്റെ വികസനത്തിന് അവര് നല്കുന്ന സകാരാത്മകമായ , അഭിനന്ദനാര്ഹമായ സംഭാവനകള് നമ്മുടെ ഉഭയകക്ഷി ഇടപാടുകളുടെ പ്രധാന ഘടകമാണ്

ഏഴു ദശലക്ഷത്തിലധികം ഇന്ത്യക്കാര്ക്ക് ആതിഥ്യമരുളുന്ന ഗള്ഫ് മേഖലയുടെ സുരക്ഷയിലും സ്ഥിരതയിലും ഇന്ത്യക്ക് പ്രധാന പങ്ക് ഉണ്ട് . നമ്മുടെ ഏറ്റവും വലിയ വ്യാപാര പങ്കാളി എന്നതിനൊപ്പം ഈ മേഖലയാണ് ഇന്ത്യയുടെ ക്രൂഡ് ഓയില് ആവശ്യങ്ങളുടെ ഏകദേശം മൂന്നില് രണ്ടു ഭാഗത്തിന്റെ സ്രോതസ്സും

ന്യൂഡല്ഹി
ഫെബ്രുവരി 07, 2016